**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5190** **27.06.2019**- ൽ മറുപടിയ്ക്ക്

## ആശ്വാസ കിരണം

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ മികച്ച സാമൂഹ്യ ക്ഷേമ പദ്ധതികളിലൊന്നായ ആശ്വാസ കിരണം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും. ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരേയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. |
| (ബി) | ആശ്വാസകിരണം പദ്ധതിയുടെ അപേക്ഷ സ്വീകരിക്കുന്നതിനും സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിലും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ എന്ന് വെളിപ്പെടുത്തുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018 ജൂലൈ മാസം വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ അപേക്ഷ നൽകിയാൽ മിനിമം എത്ര മാസം കൊണ്ടാണ് അർഹത പരിശോധിച്ച് സാമ്പത്തിക സഹായം അനുവദിക്കുന്നത് ; | (സി) | അപേക്ഷ നൽകുന്ന മുൻഗണനാക്രമം അനുസരിച്ചും, ഫണ്ടിന്റെ ലഭ്യത അനുസരിച്ചുമാണ് സാമ്പത്തിക സഹായം അനുവദിക്കുന്നത്. |
| (ഡി) | ആശ്വാസകിരണം പദ്ധതിയുടെ അപേക്ഷകൾക്ക് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുന്നതി-നെക്കുറിച്ച് ആലോചിക്കുന്നുണ്ടോ? | (ഡി) | ഉണ്ട്. ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിൽ ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 1,13,717 ഗുണഭോക്താക്കളിൽ 80,500 പേരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ആധാർ വിവരങ്ങൾ എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ഓൺലൈനിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**